# യൂണിറ്റ് ഒന്ന്
# യൂണിറ്റിന്റെ പേര്: പറവകൾ പാറി

ക്ലാസ്  ഒന്ന്, ഡിവിഷൻ-                    കുട്ടികളുടെ എണ്ണം                    തീയതി

<table>
<tr><th>പ്രക്രിയാപേജ്</th><th>വിലയിരുത്തൽ പേജ്</th></tr>
<tr><td>
പ്രവർത്തനത്തിന്റെ പേര് - താളവും ചുവടും ( കലാവിദ്യാഭ്യാസം- അഭിനയം, താളം)<br>
പഠനലക്ഷ്യം<br>
• പാട്ടിനും ആശയത്തിനും താളാത്മകമായ ശബ്ദത്തിനും അനുസൃതമായി താളത്തിൽ ചുവടുവെക്കുന്നു<br>
പ്രതീക്ഷിത സമയം - 20 മിനുട്ട്<br>
കരുതേണ്ട സാമഗ്രികൾ-<br>
• കുട്ടികളുടെ ഇരുകൈകളിലും പക്ഷിച്ചിറകുകളായി പാറാൻ പറ്റുന്ന വിധം  അരമീറ്റർ വീതം നീളമുള്ള റിബൺ കഷണങ്ങൾ, പല നിറങ്ങളാകാം. മഞ്ഞ നിർബന്ധം. ടീച്ചർക്ക് ചിറകായി ചലിപ്പിക്കാൻ മഞ്ഞഷാൾ<br>
ക്ലാസ് ക്രമീകരണം:<br>
• പറക്കുന്ന രീതിയിൽ സ്വതന്ത്രമായി ചലിക്കുന്നതിനുള്ള സ്ഥലം ക്രമീകരിക്കണം.<br>
പ്രക്രിയാവിശദാംശങ്ങൾ-<br>
കുയിലിനെപ്പോലെ നമ്മൾ പാടി. ഇനി നമുക്ക് പാട്ടു പാടി പറന്നാലോ? നമ്മളെല്ലാം പക്ഷികളായി മാറുകയാണ്. പക്ഷേ  ചിറക് വേണം. കൈകളിൽ  റിബൺ ചുറ്റാം. ചിറകുകളാക്കാം. പറക്കാം.<br>
• എല്ലാവർക്കും റിബൺ കെട്ടാൻ സഹായം നൽകുന്നു.<br>
• റിബൺ ഇരുകൈകളിലും പിടിച്ചാലും മതി.<br>
• ഒരേ നിറമായിരിക്കണം ഇരുകൈകളിലുമുള്ള റിബണുകൾക്ക്.<br>
വെറുതെ പറന്നാൽ പോര പാട്ടുപാടി പറക്കണം.<br>
• ടീച്ചർ പാട്ടിന്റെ വരികൾ ചൊല്ലുന്നു.<br>
• കുട്ടികൾക്ക് ഏറ്റു ചൊല്ലാൻ അവസരം.<br>
• വരികളിലെ ആശയം അനുസരിച്ച് വലത്തോട്ടും ഇടത്തോട്ടും ഉയർന്നും താഴ്ന്നും പറക്കുന്നതായി അഭിനയിക്കണം. ( വലത്, ഇടത് സംബന്ധിച്ച് കുട്ടിക്ക് പ്രശ്നം വരാം.  മുറിയുടെ വലതുഭാഗവും ഇടതുഭാഗവും കുട്ടികളുടെ പക്ഷത്തുനിന്ന് തീരുമാനിക്കണം.<br>
•<br>
<br>
ചിറകടിച്ച് ചിറകടിച്ച് വരികയാണ് പറവകൾ.<br>
ഇടത്തോട്ട് ചിറകടിച്ച് വരികയാണ് പറവകൾ<br>
വലത്തോട്ട് ചിറകടിച്ച് വരികയാണ് പറവകൾ<br>
ഉയർന്നുയർന്നു ചിറകടിച്ച് വരികയാണ് പറവകൾ<br>
താഴ്ന്നു താഴ്ന്നു ചിറകടിച്ച് വരികയാണ് പറവകൾ<br>
മലകടന്ന് പുഴകടന്ന് വരികയാണ് പറവകൾ.<br>
<br>
എല്ലാവരും ചേർന്ന് പാടി ചലിച്ച് പറവകളായി അഭിനയിക്കുന്നു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം. ഗ്രൂപ്പുകളാക്കിയും അവതരിപ്പിക്കാം.<br>
പ്രതീക്ഷിത ഉല്പന്നം-<br>
• ഡിജിറ്റൽ പോർട്ട് ഫോളിയോ (പാട്ടിനനുസരിച്ച് ചുവടുവെക്കുന്ന ഈ രംഗത്തിന്റെ ഫോട്ടോ, വീഡിയോ എടുത്ത് ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടണം)<br>
ഗുണനിലവാരസൂചകങ്ങൾ<br>
• നിർദ്ദേശങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനുള്ള കഴിവ്<br>
• പാട്ട് താളം പാലിച്ച് എറ്റുപാടാനുള്ള കഴിവ്<br>
• ആശയത്തിന് അനുസരിച്ചും താളത്തിന് അനുസരിച്ചും ചലിക്കാനുള്ള കഴിവ്<br>
• കൂട്ടായ്മയോടെ പ്രവർത്തിക്കാനുള്ള കഴിവ്
</td><td>
നിർദേശങ്ങൾ കേട്ടു മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് പ്രയാസം നേരിട്ടവരാരെല്ലാം? (<br>
<br>
ഇടത്, വലത് എന്നിവ സംബന്ധിച്ച് ആശയക്കുഴപ്പമുള്ള കുട്ടികളുണ്ടോ? ചോറുണ്ണുന്ന കൈ വലതുകൈ, ആ ഭാഗം വലതുഭാഗം എന്നു പറഞ്ഞിട്ടും വ്യക്തമായ ധാരണ ലഭിക്കാത്തവരുണ്ടോ? അവർക്ക് നൽകേണ്ട പിന്തുണ?<br>
<br>
പാട്ട് ഏറ്റുപാടുന്നതിൽ എല്ലാവരും പങ്കാളികളായോ?<br>
<br>
താളം പാലിച്ചുവോ?<br>
<br>
ശരീരചലനങ്ങൾ ഉചിതമായോ?<br>
<br>
ഉപയോഗം കഴിഞ്ഞ് റിബണുകൾ പെട്ടിയിൽ കൊണ്ട് മടക്കി വെക്കാൻ എത്രപേർ സന്നദ്ധരായി? ഉപകരണങ്ങളുടെ സൂക്ഷിപ്പ് സംബന്ധിച്ച ക്ലാസ് നിയമം രൂപപ്പെടുത്തിയോ?<br>
<br>
ചുവട് വെച്ചുള്ള പാട്ടിനെക്കുറിച്ച് കുട്ടികൾ വിലയിരുത്തി പറഞ്ഞതെന്തെല്ലാം?<br>
<br>
നേരിട്ട പ്രശ്നങ്ങൾ?
</td></tr>
</table>